(സി) കേരള ജയിൽ ചട്ടങ്ങളിൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതും കാലാകാലങ്ങളിൽ സർക്കാർ അനുവദിക്കുന്നതുമായ എല്ലാ ആനുകൂല്യങ്ങളും തടവുകാർക്ക് നൽകിവരുന്നുണ്ട്. പോഷക സമൃദ്ധിയുള്ള ക്ഷേണവും, തൊഴിൽപരിശീലന സൗകര്യവും, കായിക കലാവിനോദങ്ങൾക്കുള്ള ഏർപ്പാടുകളും, വിദ്യാഭ്യാസ സൗകര്യങ്ങളും, പത്രമാസിക, ഗ്രന്ഥപാരായണ സൗകര്യങ്ങളും, മികച്ച തോതിലുള്ള ആധുനിക ചികിൽസാ സൗകര്യങ്ങളും, ചെയ്യുന്ന ജോലിക്ക് പ്രോൽസാഹനമെന്ന നിലയ്ക്ക് വേതനവും, അത്യാവശ്യ സന്ദർഭങ്ങളിൽ കുടുംബബന്ധം പുലർത്തുന്നതിന് സഹായകമാകുമാറ് അവധി അനുവദിക്കലും മറ്റും തടവുകാർക്ക് നൽകിപ്പോരുന്ന ആനുകൂല്യങ്ങളിൽപ്പെടുന്നു.

ശൂരനാട് പ്രൈമറി ഹെൽത്ത് സെൻറർ

1742 [2629] ശ്രീ. കോട്ടക്കുഴി സുകുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിലുള്ള ശൂരനാട് പ്രൈമറി ഹെൽത്ത് സെൻററിന്റെ ശോചനീയാവസ്ഥ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രൈമറി ഹെൽത്ത് സെൻററിനോട് അനുബന്ധിച്ച് കുടുംബാസൂത്രണ ജോലിക്കാർക്കുവേണ്ടി 12 വർഷം മുമ്പ് പണിതീർത്ത ക്വാർട്ടേഴ്സുകളും ആശുപത്രിയും ഉപയോഗശൂന്യമായി നശിച്ചു പോകുന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് ഉപയോഗയോഗ്യമാക്കാൻ വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാട്ടർ കണക്ഷൻ കിട്ടാത്തതുമൂലമാണ് ക്വാർട്ടേഴ്സ് ഉപയോഗയോഗ്യമാക്കാൻ സാധിക്കാത്തത്.

(സി) എത്രയും വേഗം വാട്ടർ കണക്ഷൻ കിട്ടുന്നതിനുവേണ്ട സത്വര നടപടികളും എടുക്കുന്നതിന് കൊല്ലം ജില്ലാമെഡിക്കലോഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കുമ്പളങ്ങി പ്രൈമറി ഹെൽത്ത് സെൻററിലെ കിടക്കകൾ

1743 [2639] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പളങ്ങി പ്രൈമറി ഹെൽത്ത് സെൻററിലെ കിടക്കകളെല്ലാം ഉപയോഗശൂന്യമായിട്ട് കിടക്കുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കിടക്കകൾ ഈ സെൻറർ തുടങ്ങിയ കാലത്തുതന്നെ സ്ഥാപിച്ചതാണോ;

(സി) ഈ കിടക്കകൾക്കുപകരം പുതിയ കിടക്കകൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ എല്ലാ കിടക്കകളും ഉപയോഗശൂന്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly